# എറണാകുളം ജില്ലാ പോലീസ്
# വായ്പാ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ - 877

**കലൂർ പി.ഒ., കൊച്ചി - 682017**

## സൗജന്യ ചികിത്സാപദ്ധതി
## മാർഗ്ഗരേഖ

1) സംഘത്തിലെ A ക്ലാസ് അംഗങ്ങളും സംഘം ജീവനക്കാരും മാത്രമായിരിക്കും ഈ പദ്ധതിയിലെ അംഗങ്ങൾ.

2) ഈ പദ്ധതിയിൽനിന്ന് ഒരു കുടുംബത്തിന് പല തവണകളായോ ഒരുമിച്ചോ 2,00,000/- (രണ്ടു ലക്ഷം) രൂപ വരെ ചികിത്സാ ചെലവ് ലഭിക്കും.

3) ഈ പദ്ധതിയിൻ പ്രകാരം അംഗങ്ങൾക്ക് നൽകുന്ന തുക സംഘത്തിന്റെ പൊതുനന്മ ഫണ്ടിൽ നിന്നായിരിക്കും വിനിയോഗിക്കുന്നത്.

4) ഈ പദ്ധതിയിൽ അംഗമാകുന്നതിന് ഒരു സംഘാംഗത്തിന് സംഘത്തിൽ 10 ഓഹരിയെങ്കിലും ഉണ്ടായിരിക്കണം.

5) ഈ പദ്ധതിയിൽ അംഗമാകുന്നതിന് സംഘത്തിൽനിന്ന് ലഭ്യമാകുന്ന അപേക്ഷഫോറം പൂർണ്ണമായും പൂരിപ്പിച്ച് നൽകേണ്ടതാണ്.

6) ഈ പദ്ധതിയിലെ അംഗത്തിന്റെ ഭാര്യ/ഭർത്താവ്, മക്കൾ എന്നിവർക്ക് ഈ പദ്ധതിയിൽനിന്ന് ചികിത്സാചെലവ് ലഭിക്കും.

7) ഈ പദ്ധതിയിൽ ചേർന്ന ഒരംഗത്തിന് പദ്ധതിയിലേയ്ക്ക് ഭാര്യ/ഭർത്താവ്, കുട്ടികൾ എന്നിവരെ ഏതു സമയത്തും കൂടുതലായി കൂട്ടിച്ചേർക്കാവുന്നതാണ്.

8) 2015 നവംബർ 1 മുതലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. ഈ പദ്ധതി നിലവിൽ വന്നതിനു ശേഷമുള്ള ചികിത്സകൾക്ക് മാത്രമേ ഈ പദ്ധതിയിൽനിന്ന് ആനുകൂല്യം ലഭിക്കുകയുള്ളൂ.

9) വിവാഹം കഴിക്കുക, സ്വന്തമായി ജോലി ലഭിക്കുക, 25 വയസ്സ് പൂർത്തിയാവുക ഇതിൽ ഏതാണോ ആദ്യം സംഭവിക്കുക ആ സമയംമുതൽ കുട്ടികളെ ഈ പദ്ധതിയിൽനിന്ന് ഒഴിവാക്കും.

10) ജനിതകവൈകല്യത്താലോ, മറ്റു ഗുരുതരമായ അസുഖംമൂലമോ സ്വയം തൊഴിൽ ചെയ്യാൻ കഴിയാത്തതോ, വിവാഹിതരാകാൻ കഴിയാത്തതോ ആയ കുട്ടികൾക്ക് 9-ാം ഖണ്ഡികയിലെ നിബന്ധനയ്ക്ക് ഇളവ് അനുവദിക്കാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

11) ഈ പദ്ധതിയിൽ നിന്നുള്ള ആനുകൂല്യത്തിന് സംഘത്തിൽനിന്ന് ലഭിക്കുന്ന അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ച് പദ്ധതിയിലെ അംഗം സംഘത്തിൽ നൽകേണ്ടതാണ്.

12) ചികിത്സയ്ക്കിടയിൽ അംഗം മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

13) 25 ൽ അധികം കിടക്കകളുള്ള ഹോസ്പിറ്റലിൽ 24 മണിക്കൂറിലധികം അഡ്മിറ്റായി ചികിത്സ നടത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതിയിൽനിന്ന് ചികിത്സാചെലവ് ലഭിക്കുകയുള്ളൂ.

14) ആനുകൂല്യം ലഭിക്കേണ്ട രോഗി ചികിത്സയ്ക്കിടയിൽ മരണപ്പെട്ടാൽ ഖണ്ഡിക 13ലെ വ്യവസ്ഥയ്ക്ക് ഇളവ് അനുവദിക്കുന്നതായിരിക്കും.

15) ആനുകൂല്യത്തിന് അർഹതയുള്ള ഒരംഗത്തിന് 20,000/- (ഇരുപതിനായിരം) രൂപയിൽ കൂടുതൽ ഒരു സമയംതന്നെ ചികിത്സാചെലവുണ്ടായാൽ മാത്രമേ ഈ പദ്ധതിയിൽനിന്നുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ. 20,000/- രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെ ചികിത്സാചെലവുണ്ടായാൽ പ്രസ്തുത ബില്ലിൽനിന്ന് 20,000/- രൂപ കഴിച്ചുള്ള തുക അംഗത്തിന് നൽകുന്നതായിരിക്കും. 1,00,000/- രൂപയ്ക്ക് മുകളിൽ ചികിത്സാചെലവുണ്ടായാൽ പ്രസ്തുത തുക പൂർണ്ണമായും അനുവദിക്കുന്നതായിരിക്കും. (പരമാവധി 2,00,000/- രൂപ വരെ)

16) ചെലവായ തുകയുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ പകർപ്പിനോടൊപ്പം സംഘത്തിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ച് പദ്ധതിയിലെ അംഗം സംഘം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംഘത്തിൽ ബില്ലുകളുടെ പകർപ്പു സമർപ്പിക്കുന്ന എല്ലാ ഘട്ടത്തിലും ഒറിജിനൽ ബില്ലുകൂടി ഹാജരാക്കേണ്ടതാണ്. പരിശോധനയ്ക്കു ശേഷം

17) സംഘത്തിൽ ലഭിക്കുന്ന അപേക്ഷകൾ സംഘം ഭരണസമിതിയോ, ഭരണസമിതി നിശ്ചയിക്കുന്ന സബ് കമ്മിറ്റിയോ പരിശോധിച്ച് തുക അനു

18) വിശദ പരിശോധന ആവശ്യമെന്നുതോന്നുന്ന അപേക്ഷകളിൽ ഡോക്ടറുടെ ഉപദേശം തേടാൻ ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

19) ചികിത്സാചെലവ് ലഭിക്കുന്നതിന് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്ത തീയതി തുടങ്ങി 30 ദിവസത്തിനകം അംഗത്തിന്റെ അപേക്ഷ സംഘത്തിൽ ലഭിച്ചിരിക്കണം. 30 ദിവസത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

20) അപകടം മൂലമോ, ഹൃദയ സംബന്ധമായ അസുഖങ്ങൾ, കിഡ്നി സംബന്ധമായ അസുഖങ്ങൾ ന്യൂറോ സംബന്ധമായ അസുഖങ്ങൾ, അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ തുടങ്ങി 1,00,000/- (ഒരു ലക്ഷം) രൂപയിൽ കൂടുതൽ ചികിത്സാചെലവ് വരുന്ന അടിയന്തിര സാഹചര്യങ്ങളിൽ പ്രസ്തുത ചികിത്സയ്ക്ക് ഉദ്ദേശം ചിലവ് വരുന്ന തുക കാണിച്ച് ചികിത്സിക്കുന്ന ഡോക്ടറുടെ കത്ത് ലഭ്യമാക്കിയാൽ പ്രസ്തുത തുകയുടെ ചെക്ക് മുൻകൂറായി സംഘം നൽകുന്നതായിരിക്കും. പ്രസ്തുത ചികിത്സ കഴിഞ്ഞ് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്യുന്ന സമയത്തെ അന്തിമ ബില്ലിന്റെ ഒറിജിനലിനോടൊപ്പം, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഡിസ്ചാർജ്ജ് ചെയ്ത് 7 ദിവസത്തിനകം സംഘത്തിൽ ഹാജരാക്കേണ്ടതും, അഡ്വാൻസ് കൈപ്പറ്റിയ തുകയേക്കാൾ കുറവാണ് യഥാർത്ഥ ചെലവെങ്കിൽ അധികമായി കൈപ്പറ്റിയ തുക ഡിസ്ചാർജ് ചെയ്ത് 7 ദിവസത്തിനകം സംഘത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

21) പ്രസവ സംബന്ധമായ ചികിത്സ (സിസേറിയൻ പ്രസവം ഉൾപ്പെടെ), വന്ധ്യതാനിവാരണ ചികിത്സ എന്നിവയ്ക്ക് ഈ പദ്ധതിയിൽനിന്ന് ആനുകൂല്യം ലഭിക്കുന്നതല്ല. പ്രസവത്തോടനുബന്ധിച്ച് മറ്റു ഗുരുതരമായ എന്തെങ്കിലും സാഹചര്യമുണ്ടായി ചികിത്സ ആവശ്യം വന്നാൽ പ്രസ്തുത ചികിത്സയ്ക്ക് ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

22) ആശുപത്രി ചെലവിൽ മുറി വാടകയിനത്തിൽ പ്രതിദിനം പരമാവധി 250/- രൂപ മാത്രമേ അനുവദിക്കുകയുള്ളു.

23) ഭാര്യയും ഭർത്താവും ഈ പദ്ധതിയിൽ അംഗമാണെങ്കിൽ ഒരു സമയത്തെ ചികിത്സയുടെ ചെലവ് ഒരാൾക്ക് മാത്രമേ അനുവദിക്കുകയുള്ളു.

24) ആയുർവേദ ചികിത്സ, ചികിത്സയുടെ ഭാഗമല്ലാത്ത മെഡിക്കൽ ചെക്കപ്പുകൾ എന്നിവയ്ക്ക് ഈ പദ്ധതിയിൽനിന്ന് ആനുകൂല്യം ലഭിക്കുന്നതല്ല.

25) ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളിൽ സംഘം ഭരണസമിതി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

26) ഈ പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനോ, നിർത്തലാക്കുന്നതിനോ ഭരണസമിതിക്ക് പൂർണ്ണമായ അധികാരമുണ്ടായിരിക്കും.

27) സംഘാംഗങ്ങളുടേയും, കുടുംബാംഗങ്ങളുടേയും ആരോഗ്യ സുരക്ഷയ്ക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽനിന്ന് തുക ലഭിക്കുന്നതിന് എന്തെങ്കിലും കൃത്രിമം ഏതെങ്കിലും അംഗം നടത്തിയതായി കണ്ടെത്തിയാൽ പ്രസ്തുത അംഗത്തിന്റെ പേരിൽ നിയമനടപടി സ്വീകരിക്കുവാനും അപ്രകാരം കൈപ്പറ്റിയ തുകയ്ക്ക് സംഘം നൽകിവരുന്ന സാധാരണ വായ്പയുടെ പലിശയുടെ ഇരട്ടി പലിശ വരെ ഈടാക്കുവാനും, പ്രസ്തുത അംഗത്തിന്റെ സംഘത്തിലെ അംഗത്വം റദ്ദാക്കുവാനും സംഘം ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

സംഘം ഭരണസമിതിക്കുവേണ്ടി,

സി.ആർ. ബിജു
പ്രസിഡന്റ്
9447050211

രേണുക ചക്രവർത്തി
സെക്രട്ടറി
9495105461